പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2587

21.06.2012-ലെ
മറുപടിക്ക്.

## അദ്ധ്യാപക പാക്കേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അദ്ധ്യാപക പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ ഇതുവരെ എടുത്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശമ്പളമില്ലാതെ ജോലി ചെയ്തു വരുന്ന 2810 അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ച് 01.06.11 മുതൽ ശമ്പളം നൽകിയിട്ടുണ്ട്. 14.07.97ന് ശേഷം റെഗുലർ തസ്തികയിൽ ജോലിചെയ്ത് കുട്ടികളുടെ കുറവ് മൂലം പുറത്തുപോയ 1159 അദ്ധ്യാപകർക്കും തസ്തികയില്ലാതെ വർഷങ്ങളായി ജോലിചെയ്തിരുന്ന 127 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കും 10 ദിവസത്തെ ട്രയിനിംഗ് നൽകുകയും പുനർ നിയമനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ വിന്യസിക്കപ്പെട്ടിട്ടുള്ള സംരക്ഷിതാദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. മുഖാന്തിരം അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ടി സംരക്ഷിതാദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി നിയമനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എൽ.പി.യിൽ 1:30യും യു.പി.യിലും ഹൈസ്കൂളിലും 1:35 ആക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | യു.ഐ.ഡി. പ്രകാരം കുട്ടികളുടെ കൃത്യമായ കണക്ക് ലഭിച്ചാലുടനെ അതിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തുന്നതാണ്. |
| (ബി) | ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; | : | ഉണ്ട്. |
| (സി) | എത്ര അദ്ധ്യാപകർക്കാണ് ഇതിന്റെ നേട്ടം ലഭിക്കുന്നത്; | : | 2810 അദ്ധ്യാപകർക്ക്. |
| (ഡി) | പ്രസ്തുത പാക്കേജിലുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ? | : | പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടേയും യോഗം വിളിച്ച് ചേർക്കുകയും നിയമനങ്ങൾ സമയബന്ധിതമായി അംഗീകരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും വീഡിയോ കോൺഫറൻസിലൂടെ പുരോഗതി വിലയിരുത്തുകയും വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് നേരിട്ട് പരിശോധന നടത്തുകയും ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ